LIBRARY ARCHIVES Kerala Legislative Assembly

ജി. ദേവരാജൻ മാസ്റ്റർക്ക് സ്മാരകം

54 (2882) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തരിച്ച സംഗീത സംവിധായകൻ പരവൂർ ജി. ദേവരാജൻ മാസ്റ്ററുടെ സ്മരണയ്ക്കായി കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിൽ സ്മാരകം നിർമ്മിക്കുന്നതിലേയ്ക്ക് അപേക്ഷ ലഭിച്ചിരുന്നുവോ;

(ബി) പ്രസ്തുത ആവശ്യം പ്രാവർത്തികമാക്കുന്നതിലേയ്ക്കായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സ്മാരക നിർമ്മാണത്തിന് തടസ്സം നിലവിലുണ്ടോ; എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) & (സി) ജി. ദേവരാജൻ മാസ്റ്റർക്ക് ജന്മനാടായ പരവൂരിൽ സ്മാരകം നിർമ്മിക്കുന്നതിന് സ്ഥലത്തിന്റെ വിശദാംശങ്ങളും വിശദമായ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

മാതൃഭാഷാ പഠനം

55 (2884) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ . സെൽവരാജ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകമെമ്പാടുമുള്ള മലയാളികൾക്ക് മാതൃഭാഷാ പഠനത്തിന് അവസരമൊരുക്കുന്നതിന് കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മറുനാടൻ മലയാളികളുടെ കുട്ടികൾക്ക് മലയാള ഭാഷ പഠിക്കുന്നതിനും കേരള സംസ്കാരം പരിചയപ്പെടുന്നതിനുമായി കേരള സർക്കാരിന്റെ സാംസ്കാരിക കാര്യവകുപ്പിന് കീഴിൽ മലയാളം മിഷൻ എന്ന സ്വയംഭരണ സ്ഥാപനം സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. 'എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം' എന്നതാണ് മലയാളം മിഷന്റെ മുദ്രാവാക്യം. ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ സഹകരണത്തോടെ ഭാരതത്തിലെയും വിദേശത്തെയും വിവിധ സ്ഥലങ്ങളിൽ മലയാള ഭാഷാ പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുകയും മേൽനോട്ടം വഹിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്നത് മിഷന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യ ലക്ഷ്യമാണ്.

മലയാള സർവ്വകലാശാല ഒരു ഓൺലൈൻ മലയാള പാഠ്യപദ്ധതി ആവിഷ്കരിച്ചു വരുന്നു. ലോകമെമ്പാടുമുള്ള മലയാളികൾക്ക് മലയാള ഭാഷാ സാഹിത്യം, കേരളീയ സംസ്കാരം എന്നിവ പരിചയപ്പെടുത്തുകയാണ് ഓൺലൈൻ കോഴ്സിന്റെ ലക്ഷ്യം.

(സി) മലയാളം മിഷൻ ഇന്ത്യയ്ക്കകത്തും വിദേശത്തും പഠനകേന്ദ്രങ്ങൾ ആരംഭിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. പഠനകേന്ദ്രങ്ങളിലെ അധ്യാപകർക്ക് പരിശീലനവും, പഠന സാമഗ്രികളുടെ, പഠന പ്രവർത്തനങ്ങൾക്കുവേണ്ട സഹായങ്ങളും മലയാളം മിഷൻ നൽകി വരുന്നു. മലയാളം മിഷന്റെ പാഠ്യപദ്ധതി പ്രകാരമുള്ള സർട്ടിഫിക്കറ്റ് കോഴ്സ് (കണിക്കൊന്ന), ഡിപ്ലോമ കോഴ്സ് (സൂര്യകാന്തി), ഹയർ ഡിപ്ലോമ കോഴ്സ് (ആമ്പൽ), സീനിയർ ഹയർ ഡിപ്ലോമ കോഴ്സ് (നീലക്കുറിഞ്ഞി) എന്നീ നാല് കോഴ്സുകളിലൂടെ പത്തുവർഷം നീണ്ടു നിൽക്കുന്ന പഠനത്തിലൂടെ കേരളത്തിലെ പത്താം ക്ലാസിന് തത്തുല്യമായ നിലവാരത്തിലേയ്ക്ക് പഠിതാവിന് എത്താൻ കഴിയുന്ന വിധത്തിലാണ് പാഠ്യപദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കോഴ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പരീക്ഷകൾ നടത്തുകയും വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്യുവരുന്നു. ഇന്ത്യയിലെയും വിദേശത്തെയും പ്രവാസി മലയാളി സംഘടനകളിൽ നിന്നും ആവശ്യം ഉയരുന്നതനുസരിച്ച് ഓരോ മേഖലയിലും പഠനകേന്ദ്രങ്ങൾ തുടങ്ങുന്നതിന് ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന പഠനകേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മലയാള സർവ്വകലാശാലയുടെ ഓൺലൈൻ മലയാള പാഠ്യപദ്ധതി പ്രകാരം ഓൺലൈനിൽ കോഴ്സ് നടപ്പിലാക്കാൻ ആവശ്യമായ പാഠ്യപദ്ധതിക്ക് രൂപം നൽകി. IIITK (Indian Institute of Information Technology Kerala)-യെ സാങ്കേതിക സഹകരണത്തിനായി തീരുമാനിച്ചു. 2016 മേയ് ആദ്യവാരം മുതൽ കോഴ്സ് ഓൺലൈനിൽ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.